# Group prayer - St. Chavara.

ഇപ്പോൾ, ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസന-ത്തിൽ എഴുന്നള്ളിയിരിക്കുന്നു. തന്റെ വലതുഭാഗത്ത് മനുഷ്യകുല-ത്തിന്റെ പരിശുദ്ധ അമ്മയും ഇടതുഭാഗത്ത് നമ്മുടെ മധ്യസ്ഥനായ വി. യൗസേപ്പും എഴുന്നള്ളിയിരിക്കുന്നു. പവിത്രമായ, പരിശുദ്ധമായ ഒരു പുണ്യവേദിയിലാണ് നാം ഇപ്പോൾ. ചാവറ പിതാവ് സി. എം. സി മക്കൾക്ക് മാദ്ധ്യസ്ഥം വഹിക്കുന്ന മനോഹരമായ വേദി. പിതാവിന്റെ ഹൃദയത്തോടൊപ്പം സർവ്വേശ്വര സന്നിധിയിലേക്ക് നമ്മുടെ ഹൃദയങ്ങളെയും ഉണർത്താം.

"ഓ അന്തമില്ലാത്ത മഹിമ ശോഭനം നിറഞ്ഞിരിക്കുന്ന പരമപരാപരനായ സർവ്വേശ്വരാ മഹിമയും സ്തുതിയും നിന്റെ ഉടമപ്പെട്ടതാകുന്നു; ആരാധനയും കീർത്തനവും നിനക്ക്, സ്നേഹവും നന്ദിയും അങ്ങേയ്ക്ക്."

[ഗാനം]

അമലോത്ഭവയുടെ മകനായതിൽ അഭിമാനിച്ചവൻ; ദൈവ-തിരുമനസ് കണ്ട്, കേട്ട് അനുസരിച്ച വ്യക്തി; സർവ്വോപരി ദൈവത്തെ സ്നേഹിതനായി കണ്ട് [illegible] വരെ അടുത്താണെ സംസാരിക്കുന്ന ഉത്തമനോ! അതെ, നമ്മുടെ പിതാവ് ദൈവത്തിന്റെ മനുഷ്യനായിരുന്നു. ചാവറപിതാവി-ന്റെ കാലടികളിലും ഹൃദയസ്പന്ദനങ്ങളിലും, ദൈവപരി-പാലനയുടെ കൂടാരത്തിൽ നിൽക്കുന്നത് ആ ദൈവമേ ഞങ്ങൾ കാണുന്നു. ഈ അനുഗ്രഹം ഞങ്ങളുടെ പ്രിയപ്പെട്ട സഭയ്ക്ക് ജന്മം നൽകാൻ കാരണമായി. എപ്പോഴും അകത്തു-പുറത്തും ശ്രവിച്ചു നടക്കുന്ന സ്നേഹമണവാളന്റെ സ്വരം എന്നും മധുരമായതാണെന്ന് ഓർത്ത്, താൻ

അനുഭവിച്ച ദൈവാനുഭവം അനേകർക്ക് അനുഭവിക്കാൻ പരമാർത്ഥ ഹൃദയനായ പിതാവ് അനുഗ്രഹിച്ചു. പരിശുദ്ധ പരമ ത്രിത്വമേ! ഈ വിശേഷാൽ കൃപ, ഉന്നതമായ ഈ വിളി ചാവറയച്ചനാൽ ഞങ്ങൾക്ക് നൽകിയ നിന്റെ കാരുണ്യാതിരേകത്തിന്, വാത്സല്യത്തിന് മുമ്പിൽ ഹൃദയം തുറന്ന നന്ദി!

ചാവറ പിതാവ് ഓർമ്മപ്പെടുത്തുന്നു; പ്രിയ കുഞ്ഞുങ്ങളെ, നാം സർവ്വേശ്വരന്റെ വിശേഷ കൃപയാൽ ദൈവമാതാവിന്റെയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്ത സുതകളായി വിളിക്കപ്പെട്ടു. എന്നാൽ ഇത് ദൈവാലോചനയിൽ അല്ലാതെ മനുഷ്യനുടെ വിചാരങ്ങളല്ല' ഞങ്ങൾ ഏറ്റെടുത്തിരിക്കുന്ന കൃപയുടെ ഔന്നിത്യം, മിശിഹായുടെ കുരിശാദികളായ ഞങ്ങളുടെ ജീവിതചര്യ, ദൈവമേ! എത്രയോ മഹോന്നതം. കർത്താവേ അർഹതയില്ലാത്ത, അയോഗ്യരായ ഞങ്ങളെ നോക്കി അങ്ങ് പറയുന്നു " ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ, ഞാൻ തിരഞ്ഞെടുത്ത എന്റെ പ്രീതിപാത്രം, ഞാൻ എന്റെ ആത്മാവിനെ അവനു നൽകും; ഞാനാണ് കർത്താവ്". സ്നേഹവത്സലനായ കർത്താവേ, അങ്ങ് തിരഞ്ഞെടുത്ത ഈ സന്യാസിനി സമൂഹത്തെയും അതിന്റെ സിദ്ധിയെയും കാഴ്ചവെച്ചുകൊണ്ട് നന്ദിനിറഞ്ഞ ഹൃദയത്തോടെ അങ്ങേയ്ക്കു മുമ്പിൽ അർപ്പണം ചെയ്ത് പാടട്ടെ.

[ഗാനം].

മനുഷ്യമനസ്സിനെ ചലിപ്പിക്കാൻ കഴിവുള്ള ഒരു മനസ്സിനെ
ഉണ്ണിമിശിഹായോട് ചോദിച്ചു വാങ്ങിയ പിതാവ് ഈ കാലഘട്ട-
ത്തിൽ നാം ഓരോരുത്തരും ഈ മനസ് ചോദിച്ചു വാങ്ങുവാൻ
ആഗ്രഹിക്കുന്നുണ്ടാകാം. അതുതന്നെ സ്തുതിയുണ്ടാകാൻ ഉത്തമ
അദ്ധ്വാനങ്ങളെ ഈശ്വരസന്നിധിയിൽ അർപ്പണം ചെയ്ത
ചാവറയച്ചന്റെ മുമ്പിൽ, പരി. അമ്മയുടെ മുമ്പിൽ, നല്ല
ഇടയന്റെ മുമ്പിൽ നമ്മുടെ മനസ്സിന്റെ വികലമാക്കപ്പെട്ട
അവസ്ഥകളെ തുറന്നു വെയ്ക്കാം. കർത്താവേ! അങ്ങയുടെ
ഹൃദയമാകുന്ന ഒഴിഞ്ഞ പാത്രത്തിലേക്ക് വരിക, കടന്നു
വരിക.

വായന : യോഹ 15/11-17 (മൗനം)

[കാറോസൂസ]

ഈശോമിശിഹായെ സ്നേഹിക്കുന്നത് എത്ര ഉചിതമാകുന്നു.
ദൈവത്തെ സ്നേഹിച്ച ദൈവം സ്നേഹിച്ച ചാവറപിതാവിനെ
നമുക്ക് സ്മരിക്കാം. ആ മനോഗുണമേ, ആ സ്നേഹമേ,
ആ അനുഗ്രഹമേ, ആ നന്മയുടെ ആഴമേ, എന്നൊക്കെ
ചാവറപിതാവിന്റെ ഹൃദയത്തിൽ നിന്നു വരുന്ന സ്നേഹവച-
സ്സുകളോടൊപ്പം നമ്മുടെ ഹൃദയങ്ങളെയും ഉയർത്താം.
സങ്കീർത്തകന്റെ ഹൃദയ ഭാവത്തിൽ, ചാവറയച്ചനെ ദർശി-
ച്ചുകൊണ്ട് നമുക്ക് ചൊല്ലാം.

ലീഡർ:- കർത്താവിനെ സ്തുതിക്കുവിൻ. കർത്താവിനെ
ഭയപ്പെടുകയും അവിടുത്തെ കൽപനകളിൽ
ആനന്ദിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

സമൂഹം:- വന്ദ്യ ചാവറപിതാവിനോടൊപ്പം കർത്താവിനെ
സ്തുതിക്കുവിൻ

ലീഡർ :- സത്യസന്ധരുടെ തലമുറ അനുഗൃഹീതമാകും. അവന്റെ ഭവനം സമ്പത്സമൃദ്ധമാകും. അവന്റെ നീതി എന്നേയ്ക്കും നിലനിൽക്കും.

സമൂഹം :- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ.

ലീഡർ :- പരമാർത്ഥഹൃദയന് അന്ധകാരത്തിൽ പ്രകാശം ഉദിക്കും; അവൻ ഉദാരനും കാരുണ്യവാനും, നീതിനിഷ്ഠനുമാണ്.

സമൂഹം :- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ.

ലീഡർ :- ഉദാരമായി വായ്പ കൊടുക്കുകയും നീതിയോടെ വ്യാപരിക്കുകയും ചെയ്യുന്നവന് നന്മ കൈവരും.

സമൂഹം :- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ.

ലീഡർ :- നീതിമാന് ഒരിക്കലും ഇളക്കം തട്ടുകയില്ല; അവന്റെ സ്മരണ എന്നേയ്ക്കും നിലനിൽക്കും.

സമൂഹം :- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ.

ലീഡർ :- ദുർവാർത്തകളെ അവൻ ഭയപ്പെടുകയില്ല, അവന്റെ ഹൃദയം അചഞ്ചലവും കർത്താവിൽ ആശ്രയിക്കുന്നതുമാണ്.

സമൂഹം :- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ.

ലീഡർ :- അവന്റെ ഹൃദയം ദൃഢതയുള്ളതായിരിക്കും. അവൻ ഭയപ്പെടുകയില്ല, അവൻ ശത്രുക്കളുടെ പരാജയം കാണും.

സമൂഹം :- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ

ലീഡർ :- അവൻ അഭിമാനത്തോടെ ശിരസ്സുയർത്തി നില്ക്കുന്നു; അവന്റെ പ്രവൃത്തികൾ മക്കളോടൊപ്പം ഇരിക്കുന്നു.

സമൂഹം:- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ.

[ഗാനം — ചാവറ പിതാവിന്റെ]

'എന്റെ കർത്താവേ ഇതാ ഞാൻ ഹൃദയം തുറന്നിരിക്കുന്നു. നിനക്കേറ്റവും ഇഷ്ടമുള്ള ഇരിപ്പിടമായ എന്റെ ദേവമാതാവിൻ തിരുമടിയെ എന്റെ ഹൃദയത്തിൽ ഞാൻ വെച്ചിരിക്കുന്നു. ഇതിൽ നീ എഴുന്നള്ളി വന്നാലും. ഈ പ്രാർത്ഥനയുടെ അവസാന നിമിഷത്തിലും തുടർന്നുള്ള ജീവിതത്തിലും ഇതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന. ചാവറപിതാവേ വന്ദ്യനായ ഗുരുവേ; ഞങ്ങളുടെ സഭാസ്ഥാപകനേ, നിന്നെ പോലെ ഞങ്ങളും പ്രാർത്ഥിക്കട്ടെ. മരണം വരെ എന്നേരവും വിശ്വാസ കണ്ണാൽ യേശുവേ കണ്ടുകൊണ്ട് ഇരിക്കാൻ പരലോകത്തിൽ മൂടൽ കൂടാതെ ദിവ്യമായി നിന്നെ കണ്ടുകൊണ്ട് സ്തുതിച്ചും, നിത്യകാലവും രമിച്ചിരിക്കാനുള്ള ഇളകാത്ത ശരണം നൽകാൻ എഴുന്നള്ളിയാലും. നല്ല അപ്പനെ. ഞങ്ങളെ കൈപിടിച്ചു നടത്തുന്നവനെ എണ്ണമില്ലാത്ത അങ്ങയുടെ അനുഗ്രഹ ദ്വാരത്തിന്റെ മുന്നിൽ ശിരസ്സു നമിക്കുന്നു. അനുഗ്രഹങ്ങളെ ഫലപ്രദമാക്കാതെ നിരസിച്ച നേരങ്ങളെ ഓർത്ത് ഓ! എന്റെ ദൈവമേ മാപ്പ്. ഒരിക്കൽ കൂടെ ഞങ്ങളുടെ സന്യാസിനി സമൂഹത്തെയും സഭാധികാരികളെയും പ്രേഷിത മണ്ഡലങ്ങളെയും

ഉപാസനയിൻവഴി ദൈവത്തിന് സുരഭിലമായ കാഴ്ചയായി വെച്ചുകൊണ്ട് നന്ദിയുടെ ഈരടികൾ ഞങ്ങൾ പാടട്ടെ.

[നന്ദിയുടഗാനം]

# Group prayer - St Chavara

നിത്യവും ഞങ്ങളുടെ മദ്ധ്യേ വസിക്കുന്ന ത്രിയേക ദൈവമേ, അങ്ങയുടെ പക്കലേക്ക് ഞങ്ങൾ കണ്ണുകളുയർത്തി ഹൃദയമുയർത്തി അങ്ങേ സ്തുതിച്ചാരാധിക്കുന്നു. ജീവന്റെ ഉറവിടമേ, സ്നേഹത്തിന്റെ ഇരിപ്പിടമേ, കരുണയുടെ സാഗരമേ അങ്ങയുടെ സന്നിധിയിൽ ആയിരിക്കുന്നത് എത്രയോ മഹാഭാഗ്യം. ഇന്നേദിനത്തിന്റെ എല്ലാം സുഖ ക്ലേശങ്ങളും അങ്ങേ സന്നിധിയിൽ ഞങ്ങളർപ്പിക്കുന്നു കാരുണ്യവാനായ കർത്താവേ ഈ സമയം സകല സൃഷ്ടവസ്തുക്കളോടൊപ്പം അങ്ങയെ ഞങ്ങൾ സ്തുതിച്ചാരാധിക്കുന്നു...

(ഗാനം - ആരാധന)

ജീവിതത്തിൽ തന്റെ നിയോഗം തിരിച്ചറിഞ്ഞ്, അതിന്റെ പൂർണ്ണതയിൽ ജീവിച്ച് വിശുദ്ധിയുടെ പരിമളം പരത്തിയ സുമലർ. ജീവിതങ്ങളെ ധീരമായി നയിച്ച വീരപുരുഷനും കർമ്മയോഗിയുമായവൻ. ഇതാണ് നമ്മുടെ ചാവറപിതാവ്. തന്റെ ജീവിതം മുഴുവനും ദൈവോന്മുഖവും പരോന്മുഖവും ആയി ജീവിച്ച് സാമൂഹികവും സാംസ്കാരികവും മതപരവുമായ രംഗങ്ങളിലെല്ലാം വിശുദ്ധിയുടെ ദൈവദൂതനായ് മാറി. ആരംഭം മുതൽ അവസാനം വരെ സ്നേഹനിർഭരമായി ഒഴുകിയ ഒരു പുഴപോലെ ദൈവവരപ്രസാദത്താൽ പൂരിതമായി അദ്ദേഹത്തിന്റെ ജീവിതം ഒഴുകി. ചാവറയെന്ന ഈ പുഴ ഒഴുകിയ തീരങ്ങളിൽ വ്യക്തികൾ പന്തലിച്ചു. പുത്തൻ വിപ്ലവത്തിന്റെ മാറ്റൊലികളും മുഴങ്ങി. അങ്ങനെ 2 സന്യാസ സമൂഹങ്ങൾ രൂപപ്പെടുന്നതിനു കാരണമായി. ക്രാന്തദർശിയായ അദ്ദേഹത്തിന്റെ മനസിൽ സർവ്വശക്തനായ അങ്ങയുടെ ദിവ്യപ്രേരണങ്ങൾ കരുത്തായി നവീകരണത്തിന്റെയും നവോത്ഥാനത്തിന്റെയും പുതിയ പാതകൾ തുറന്ന് സാമൂഹിക-സാംസ്കാരിക രംഗങ്ങളായാലും വിദ്യാഭ്യാസരംഗത്തായാലും

ഉന്നതമായ സംരംഭങ്ങളും ഒരു ആയുസ്സിൽ ചെയ്തുതീർക്കാവു-ന്നതിലേറെ നിവർത്തിക്കുവാൻ അദ്ദേഹത്തെ അനുശക്ത-നാക്കി. ജനങ്ങളുടെ ദിവ്യബലികൾ നിറവേറ്റുവാൻ അനു-ദിനമെത്തുന്ന ചാവറയച്ചൻ സ്ഥാപിച്ച ഈ കർമ്മലീത്താ സന്ന്യാ-സസമൂഹത്തിലേക്ക് ഞങ്ങളെ വിളിച്ചതിനെ ഓർത്ത് അങ്ങയുടെ അനന്തമായ കാരുണ്യാതിരേകത്തിന് വാത്സല്യത്തിന് മുൻപിൽ ഹൃദയം തുറന്ന നന്ദിയോടെ ആയിരിക്കുന്നു. ഈ സമയം തന്റെ ജീവിതത്തിന്റെ സർവ്വസ്വവും ദിവ്യനാഥനാണെന്ന് കാണിക്കുന്ന അദ്ദേഹത്തിന്റെ ഈരടികൾ നമുക്കും ഒരുമിച്ച് പാടി പ്രാർത്ഥിക്കാം

"എന്റെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നിലല്ലാതെ ഞാനൊട്ടുമേ ജീവിക്കുന്നു.
ശ്വാസവുമെനിക്കു നീ ജീവന പാനം നീയേ
ശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ"

വചനവായന [യോഹ 6/25-29]

ദിവ്യസക്രാരിക്കരികെ ദീർഘനേരം ആയിരുന്നുകൊണ്ട് പരിശുദ്ധ കുർബാനയുടെ പ്രാധാന്യം മനസിലാക്കുകയും അനു-ഭവിച്ചറിയുകയും അതു തന്റെ ജീവിതത്തെ ബലിയാക്കി മാറ്റുകയും ചെയ്ത വിശുദ്ധ കുർബാനയുടെ പ്രേഷിതനായ ചാവറയച്ചനെ നമുക്കു അനുസ്മരിക്കാം, ദിവ്യകാരുണ്യത്തെ ആരാധിക്കാം.

[ഗാനം]

ചാവറപിതാവിന്റെ ദൈവാനുഭവം ഏറ്റവും അധികം തെളിഞ്ഞു നിൽക്കുന്നത് ആബ്ബാ അനുഭവത്തിലാണ്. എന്റെ അപ്പാ എന്നു വിളിച്ച് അപ്പന്റെ അടുത്തിരുന്ന് ദീർഘനേരം സംസാരിച്ച് തിരുഹിതം കണ്ടെത്തുന്ന ചാവറ-പിതാവിന് തന്റെ ഭാഗ്യവും സമ്പത്തും ശ്വാസവും എല്ലാം

ന്റെ സ്വർഗ്ഗീയ അപ്പൻ മക്കളാണ്. അവന്റെ സ്നേഹത്തിൽ നിറഞ്ഞുനിൽക്കുന്ന ആ ഹൃദയ ഭാവങ്ങളോടൊപ്പം നമ്മുടെ ഹൃദയങ്ങളെ ഉയർത്താം. സങ്കീർത്തന വചനങ്ങൾ ഉരുവിട്ട് ചാവറപിതാവിനോടൊപ്പം ദൈവത്തെ വാഴ്ത്താം.

ലീഡർ :- കർത്താവിന്റെ ദാസരേ അവിടുത്തെ സ്തുതിക്കുവിൻ; രാത്രിയിൽ കർത്താവിന്റെ ആലയത്തിൽ ശുശ്രൂഷ ചെയ്യുന്നവരേ, അവിടുത്തെ വാഴ്ത്തുവിൻ. ശ്രീകോവിലിലേക്കു കൈകൾ നീട്ടി കർത്താവിനെ വാഴ്ത്തുവിൻ.

സമൂഹം:- വി. ചാവറ പിതാവിനോടൊപ്പം ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു.

ലീഡർ :- കർത്താവേ, ഞാൻ പൂർണ്ണഹൃദയത്തോടെ അങ്ങേയ്ക്കു നന്ദി പറയുന്നു; ദേവന്മാരുടെ മുൻപിൽ ഞാൻ അങ്ങയെ പാടി പുകഴ്ത്തും.

സമൂഹം :- വി. ചാവറ പിതാവിനോടൊപ്പം ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു.

ലീഡർ :- എന്റെ ദൈവവും രാജാവുമായ അങ്ങയെ ഞാൻ വാഴ്ത്തും പുകഴ്ത്തും; ഞാൻ അങ്ങയുടെ നാമത്തെ എന്നേക്കും വാഴ്ത്തും.

സമൂഹം :- വി. ചാവറ പിതാവിനോടൊപ്പം ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു.

ലീഡർ :- ആയുഷ്കാലമത്രയും ഞാൻ കർത്താവിനെ സ്തുതിക്കും; ജീവിതകാലം മുഴുവൻ ഞാൻ എന്റെ ദൈവത്തിനു കീർത്തനം പാടും.

സമൂഹം :- വി. ചാവറ പിതാവിനോടൊപ്പം ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു.

ലീഡർ :- കർത്താവിനെ സ്തുതിക്കുവിൻ; കർത്താവിനു പുതിയ കീർത്തനം ആലപിക്കുവിൻ; വിശുദ്ധരുടെ സമൂഹത്തിൽ അവിടുത്തെ പാടിപ്പുകഴ്ത്തുവിൻ

സമൂഹം :- വി. ചാവറ പിതാവിനോടൊപ്പം ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു .

[ഗാനം — ചാവറ പിതാവിന്റെ ]

ഈ നിമിഷം നമ്മുടെ ഹൃദയത്തിൽ നിന്നുയരുന്ന പ്രാർത്ഥനകളും അർച്ചനകളും വി. ചാവറയച്ചന്റെ മദ്ധ്യസ്ഥ വഴി ഈശോയ്ക്കു സമർപ്പിക്കാം .

[കാറോസൂസ ]

ദൈവപിതാവിന്റെ പിതൃത്വം തിരിച്ചറിഞ്ഞ് മക്കളെ രക്ഷാകരപാതയിലേക്കു നയിക്കുവാൻ ജീവൻ ബലിയായ് സമർപ്പിച്ച ക്രിസ്തുനാഥന്റെ ഹൃദയത്തോടു ചേർന്നു നിന്ന ചാവറ പിതാവ് . " ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ, തന്റെ അരികെ നടപ്പിൻ, എപ്പോഴും തന്നോടു കൂടെ സംസാരിപ്പിൻ" ഈ പ്രാർത്ഥനാ മണിക്കൂറുകളുടെ അവസാന നിമിഷങ്ങളിൽ വന്ദ്യപിതാവിന്റെ അനുഗ്രഹ വചനങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്വാംശീകരിക്കാം . ഓ ദൈവപിതാവേ! ഞങ്ങളുടെ സ്ഥാപകപിതാവിനെ പോലെ പ്രാർത്ഥനാ പ്രവർത്തന സമന്വയത്തിലൂടെ ലോകത്തിനു മുമ്പിൽ പ്രകാശമായ് തീരുവാൻ ഞങ്ങളുടെ ജീവിതങ്ങളെ അനുഗ്രഹിക്കണമേ. ഇന്നാൾ വരെയും ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവരായി കൊണ്ട് ക്രൈസ്തവ ജീവിതം നയിക്കുവാൻ ഞങ്ങളെ നിന്റെ കൃപകളാൽ സമ്പന്നരാക്കണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഞങ്ങൾ അങ്ങയെ വാഴ്ത്തിപ്പാടട്ടെ .

[നന്ദിയുടെ ഗാനം ]

# St. Chavara

## Group Prayer

സ്വർഗ്ഗീയ സാന്നിദ്ധ്യം നിറഞ്ഞുനിൽക്കുന്ന അൾത്താരയിൽ ഈശോ സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയും നാഥൻ. ദിവ്യകാരുണ്യ ഈശോ, ഇന്നിവിടെ ആയിരിക്കുന്ന എല്ലാ വ്യക്തികളെയും, ഇനിയും ചെയ്തുതീരാതെ ബാക്കിനിൽക്കുന്ന എല്ലാറ്റിനെയും, എല്ലാമറിയുന്നവന്റെ സന്നിധിയിൽ ചേർത്തുവച്ച്, ഒരു നിമിഷം നമ്മുടെ മനസ്സിനെ ഏകാഗ്രമാക്കി അവിടുത്തെ കരുണാർദ്രസ്നേഹം നമുക്കനുഭവിക്കാം.

ദിവ്യകാരുണ്യനാഥനായ ഈശോ, അങ്ങേ സാന്നിദ്ധ്യത്തിന്റെ നിറവിലായിരിക്കുമ്പോൾ വി. ചാവറപിതാവിന്റെ ജീവിത ചൈതന്യത്തിലേക്ക് ഞങ്ങളുടെ ഹൃദയങ്ങളുണർത്തട്ടെ. ദിവ്യകാരുണ്യസന്നിധിയിൽ ഉപാസനചെയ്ത് പരി. അമ്മയുടെ കൈത്താങ്ങാൽ ദൈവിക മനുഷ്യനായ്ത്തീർന്നവൻ. മലയാളത്തിലെ ശ്ലീഹന്മാർക്ക് ഞങ്ങളുടെ ജീവിതപാതയിൽ വ്യക്തമായ ദൈവികമായ പകർന്നവൻ, കാലത്തിനൊപ്പവും അതിനു മുന്നിലായും നടന്നപ്പോഴും കാലത്തിനപ്പുറം കാണാനുള്ള അനന്യസിദ്ധിവിശേഷം സ്വന്തമാക്കിയവൻ, സാധാരണസാഹചര്യങ്ങളിൽ ജനിച്ച്, സാധാരണരീതിയിൽ വളർന്ന്, സന്യാസജീവിതം സമ്മാനിച്ച നിറസമ്പൂർണ്ണപാതകൾ സ്വീകരിച്ച് പൗരോഹിത്യത്തിന്റെ പടവുകൾ കയറിയ പിതാവ്, ജീവിതത്തിൽ ഉടനീളം അസാധാരണ സാഹചര്യങ്ങളെ നേരിടാനും അവയെ അതിവർത്തിക്കാനും നിയോഗമുള്ളവനായിരുന്നു.

ജീവിതം മുഴുവൻ ദൈവാരാധനയാക്കി മാറ്റുന്ന പുണ്യാത്മാക്കൾക്ക് മാത്രം സ്വന്തമാണ് ഇത്തരം ജീവിതം. സ്വന്തം ആത്മാവിലേക്ക് പകർന്നിറങ്ങുന്ന ദിവ്യ-

ദീപ്തിയെ സഹജീവികളിലേക്ക് ആദ്ധ്യാത്മിക തേജസ്സായി പ്രവഹിപ്പിക്കുന്ന പുണ്യകർമ്മം - അതാണ് ആ താപസജീവിതം.

അനന്തസ്നേഹമായ ദൈവമേ, ഞങ്ങൾക്ക് മുമ്പിൽ മാതൃകയായ് അങ്ങ് ഉയർത്തുന്ന വന്ദ്യനായ ഈ പിതാവിന്റെ ഓർമ്മകൾക്കുമുമ്പിൽ ഞങ്ങളിതാ ശിരസ്സ് നമിക്കുന്നു. അങ്ങയോട് ചേർന്നുനിൽക്കാനായതിന്റെ നിറവുകളാണല്ലോ ആ ജീവിതത്തിൽ ഞങ്ങൾ ദർശിക്കുന്നത്. ദൈവത്തെ തന്റെ വത്സലപിതാവായി, താൻ അവിടുത്തെ പ്രിയ പുത്രനായ് ദർശിച്ച് ആരംഭിക്കുന്ന ജീവിത നയം. അതെ, അദ്ദേഹത്തിന് ധ്യാനമെന്നത് സ്നേഹവത്സലനായ പിതാവിനോട് ചേർന്നിരുന്ന് ഹൃദയബന്ധത്തിന്റെ അഗാധതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലലായിരുന്നു. സ്വന്തം ഹൃദയാന്തരാളത്തിൽ അനുഭവിച്ചറിഞ്ഞ ദൈവികസാന്നിദ്ധ്യം മറ്റു മനുഷ്യരിലും, പ്രപഞ്ചത്തിലും എല്ലാ ജീവിതാനുഭവങ്ങളിലും അദ്ദേഹത്തിന് കാണാൻ കഴിഞ്ഞു. ജീവിതത്തിലുടനീളം ദൈവപിതാവിന്റെ സ്നേഹം തൊട്ടറിഞ്ഞിരുന്ന ധന്യാത്മന്റെ ഹൃദയത്തിൽനിന്ന് നന്ദിയുടെ ഈരടികൾ അവിരാമം ഒഴുകിക്കൊണ്ടിരുന്നു.

(മമ പിതാവു നീയേ - [ഗാനം - 2ന്റ]

പ്രാർത്ഥിക്കാനായില്ലെങ്കിൽ ജീവിക്കാനാവില്ലെന്ന് ഇന്നിന്റെ സാഹചര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. നല്ല ദൈവമേ, ഈ ഭൂമിയിൽ ദൈവവേലക്കിറങ്ങിയ ഞങ്ങളിൽ അങ്ങേ സ്നേഹാഗ്നി നിറയ്ക്കണമെ! പ്രാർത്ഥനയിൽ അസ്വസ്ഥതകളെ ദൈവാശ്രയബോധം കൊണ്ട് രൂപാന്തരപ്പെടുത്താൻ അഭ്യസിപ്പിക്കണമെ

ഏറിയനാൾ മുമ്പിനാലെ ബന്ധുവധം നടന്നുവരുന്ന ഈ മലയാളത്തിൽ നല്ല അച്ചടിപഠിത്തത്തിന് വഴിതെളിക്കാൻ സ്വപ്നം കണ്ട മഹാത്മാവാണ് നമ്മുടെ ചാവറതാതൻ. ദൈവതിരുമുമ്പിലും അധികാരികളോടും വിനീതമനസ്ഥിതിയോടെ വ്യാപരിച്ച് സന്യാസഭവനങ്ങൾ കെട്ടിപ്പൊക്കിയ വിശുദ്ധാത്മാവ് തന്റെ മക്കളോട് പറയുന്നത് "ആശ്രമങ്ങളുടെ ഉറപ്പ് അതിന്റെ ചുമരുകളുടെ ബലവത്തയിലല്ല മറിച്ച് അതിൽ വസിക്കുന്നവരുടെ ഭക്തിയും വിശുദ്ധിയുമാകുന്നു എന്ന്" നമുക്ക് നമ്മുടെ ഉള്ളിലേക്ക് നോക്കാം. വിശുദ്ധരാകാൻ വിളിക്കപ്പെട്ട നമ്മുടെ ജീവിതത്തിലെ പാകപിഴകളെ കുരിശിൻ ചുവട്ടിൽ സമർപ്പിക്കാം. അവിടുത്തെ അനന്തസ്നേഹം ഏറ്റുവാങ്ങികൊണ്ട്, അവിടുത്തെ അനന്തകാരുണ്യത്തിൽ നമുക്കായിരിക്കാം.

നീണ്ടമണിക്കൂറുകൾ ദിവ്യകാരുണ്യസന്നിധിയിലായിരുന്ന് ലോകത്തിനായി വിരിച്ച കരങ്ങളോടെ ഒട്ടും മടുപ്പു കൂടാതെ ആയിരുന്ന ചാവറയച്ചൻ ദിവ്യകാരുണ്യത്തിൽ നിന്ന് ശക്തികൊണ്ട് പിതാവിന്റെ ഒരു കർമ്മംപോലും പാഴായിപ്പോയിട്ടില്ലെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. നമുക്കും നമ്മുടെ സകലതും ദിവ്യനാഥന് നൽകാം. ഈ സമയം നമ്മുടെ ഹൃദയാന്തരാളത്തിൽ ഉയിർക്കൊള്ളുന്ന അർത്ഥനകളെ സമർപ്പിക്കാം.

(കാറോസൂസ...)

അനേകം ലോകകാഴ്ചകളെ കണ്ണുകൾ പലപ്പോഴും മലിനമാക്കപ്പെട്ടിട്ടുണ്ട്. ഇനി അവ ലോകത്തെ ഇത്രമേൽ പൂർണ്ണമായി സൃഷ്ടിച്ചവനെ മാത്രം കാണട്ടെ. ചാവറപിതാവിന്റെ

അഭിലാഷം മുഴുവനും കൺനിറയെ യേശുചരിത്രം കാണണമെന്നായിരുന്ന ഉണ്ണിമിശിഹാമുതൽ നീളുന്ന ചരിത്രം. അങ്ങനെ പിതാവിനോടു ചേർന്ന് നമുക്കും പാടി പ്രാർത്ഥിക്കാം.

(കാരുണ്യരൂപനാം ദൈവകുമാരന്റെ
ആരാധ്യശോഭയെ കാണാകണം ....)

നന്ദിസമയം ഏറെ സ്നേഹത്തോടെ, നന്ദിനിറഞ്ഞ ഹൃദയത്തോടെ ആയിരിക്കാം. ചാവറയച്ചനിലൂടെ കേരളസഭയ്ക്ക്, കേരളജനതയ്ക്ക് ദൈവം നൽകിയ മഹത്തായ നന്മകളെ നന്ദിയോടെ ഓർക്കാം. നന്മയുടെ ഓർമ്മ അനശ്വരമാണ്. ദൈവവും മനുഷ്യനും അത് വിലമതിക്കുന്നു. ഒരുപാട് നന്മകൾ ഞങ്ങളുടെ വ്യക്തിജീവിതത്തിലേക്ക് നൽകാൻ വി. ചാവറയച്ചന് അങ്ങ് എടുത്തുയർത്തിയതിന് നന്ദി. ഈശോയെ ഓരോ വിശുദ്ധജീവിതവും ഞങ്ങളെ വിശുദ്ധിയിലേക്ക് വളരാനുള്ള പ്രേരകശക്തികളായി നിലകൊള്ളുന്നു. നാഥാ ഞങ്ങളുടെ ബലഹീനതകളിൽ കൂടെ നടന്ന് ബലപ്പെടുത്തൂ. ദിവ്യനാഥാ, അമ്മയുടെ ഉദരത്തിൽ ഉരുവായ നാൾമുതൽ ഈ നിമിഷം വരെ കാത്ത അങ്ങയുടെ അനന്തപരിപാലനയ്ക്ക് കോടി പ്രണാമം.

(നന്ദിയുടെ സോങ്ങ്)

# വി. ചാവറപിതാവിന്റെ തിരുന്നാൾ

- Group Prayer

മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാകുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ ഞാൻ നിന്നെ മറക്കുകയില്ല. ഇതാ നിന്നെ ഞാൻ ഉ<sup></sup>എന്റെ ഉള്ളം കയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമെ, അങ്ങയുടെ സാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്ന ഈ പരിശുദ്ധമായ ഈ ദേവാലയത്തിൽ മുഴുമനസ്സോടെ അങ്ങയുടെ - സന്നിധിയിൽ ഞങ്ങളായിരിക്കുന്നു. അചഞ്ചലമായ അങ്ങയുടെ സ്നേഹത്തിന്റ മാധുര്യം ആസ്വദിക്കാൻ അനുനിമിഷവും ഞങ്ങളെ മാടിവിളിക്കുന്ന ദൈവമെ, അങ്ങയുടെ തിരുമുമ്പിൽ ആയിരിക്കുന്ന ഈ നിമിഷങ്ങളിൽ ഞങ്ങളെത്തന്നെ ശാന്തമാക്കി കരുതലിന്റെ കരം പിടിച്ച് ഞങ്ങളെ നയിക്കുന്ന അങ്ങയുടെ സ്നേഹം ഞങ്ങളനുഭവിക്കട്ടെ.

ഭജൻ :- കൂടെയിരിക്കാൻ കൂടുതലിഷ്ടം.....

കൂട് ചലിപ്പിക്കുകയും കുഞ്ഞുങ്ങളുടെ മുകളിൽ ചിറകടിക്കുകയും വിരിച്ച ചിറകുകളിൽ കുഞ്ഞുങ്ങളെ വഹിക്കുകയും ചെയ്യുന്ന കഴുകനെപ്പോലെ അവനെ നയിച്ചത് കർത്താവാണ്. നിത്യവും ഞങ്ങളെ വഴിനടത്തുന്ന നല്ല ദൈവമെ, അങ്ങയുടെ അനന്യമായ സ്നേഹവും കരുതലും ആവോളം അനുഭവിച്ച് ആ സ്നേഹം മക്കളായ ഞങ്ങളെ ഓരോരുത്തർക്കും പകർന്നേകിയ വി. ചാവറപിതാവിന്റെ തിരുന്നാൾ അനുസ്മരിക്കുന്ന ഈ വേളയിൽ വി. ചാവറപിതാവിനോട് ചേർന്ന് ഞങ്ങളങ്ങയോട് നന്ദി പറയുന്നു. നല്ല ദൈവമെ, ഞങ്ങൾക്കു മാതൃകയും മദ്ധ്യസ്ഥനുമായി അങ്ങ് എടുത്തുയർത്തിയ ചാവറപിതാവിന്റെ ഓർമയ്ക്കു മുമ്പിൽ ഞങ്ങളിതാ ശിരസ്സു നമിക്കുന്നു. ദൈവാത്മാവിന്റെ വരദാനഫലങ്ങളാൽ അലംകൃതനായിരുന്ന ഈ പുണ്യപിതാവിന്റെ ജീവിതചൈതന്യത്തിലേക്ക് നമ്മുടെ ഹൃദയങ്ങളെ നമ്മുക്കുയർത്താം. ഉപാസനചെയ്ത പരിശുദ്ധാരൂപിയുടെ കൈ വയ്പാൽ ദൈവികമനുഷ്യനായി തീർന്ന്, മലയാളത്തിലെ സ്ത്രീകൾക്ക് തങ്ങളുടെ ജീവിത പാതയിൽ വ്യക്തമായ ദൈവികഛായ പകർന്ന്, കാലത്തിനൊപ്പം, അപ്പുറവും കാണുവാൻ ഉള്ള അസാമാന്യ സിദ്ധിവിശേഷം സ്വന്തമാക്കി, സാധാരണ സാഹചര്യങ്ങളിൽ ജനിച്ച്, സാധാരണരീതിയിൽ വളർന്ന്, സന്യാസജീവിതം സമ്മാനിച്ച സഹന

സമ്പൂർണ്ണപാതകൾ നടന്നുനീങ്ങി പൗരോഹിത്യത്തിന്റെ പാതകൾ കയറിയ വി. ചാവറ പിതാവിന്റെ ജീവിതം നമ്മുക്കു മുൻപിൽ എന്നും ഒരു വഴിവിളക്കാണ്. ദൈവത്തെ തന്റെ സ്വന്തം അപ്പനായി അനുഭവിച്ച അദ്ദേഹത്തിന് ആ ദിവ്യസാന്നിദ്ധ്യം തന്നെ സർവ്വസ്വവുമായിരുന്നു. എന്റെ മനോഗുണമുള്ള അപ്പാ നിന്റെ തിരുമനസ്സല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല എന്ന് പറയുവാൻ ചാവറപിതാവിനെ പ്രാപ്തനാക്കിയതും ഈ പുത്രാനുഭവം തന്നെയായിരുന്നു. സ്വന്തം പാപാവസ്ഥയെ കുറിച്ചുള്ള അവബോധവും പുത്രനെന്ന നിലയിൽ താൻ സ്വീകരിച്ച ദൈവകരുണയുടെ എണ്ണമറ്റ അനുഭവങ്ങളെ പ്രതിയുള്ള കൃതജ്ഞതാഭാവവുമാണ് അദ്ദേഹത്തെ ഈ ആത്മാനുഭവത്തിൽ ആഴപ്പെടുത്തിയത്. ജീവിതത്തിലുടനീളം ദൈവപിതാവിന്റെ സ്നേഹം തൊട്ടറിഞ്ഞ ഈ പുണ്യപിതാവിന്റെ ഹൃദയത്തിൽ നിന്ന് നന്ദിയുടെ ഇരടികൾ അവിരാമം ഒഴുകിക്കൊണ്ടിരുന്നു.

Song : മമപിതാവു നീയേ, ഭാഗ്യവുമെനിക്കു നീ.....

അങ്ങയുടെ വചനങ്ങൾ കണ്ടെത്തിയപ്പോൾ ഞാൻ അവ ഭക്ഷിച്ചു. അവ എനിക്ക് ആനന്ദാമൃതമായി. എന്റെ ഹൃദയത്തിനു സന്തോഷവും. എന്തെന്നാൽ സൈന്യങ്ങളുടെ ദൈവമായ കർത്താവേ ഞാൻ അങ്ങയുടെ നാമമാണല്ലോ വഹിക്കുന്നത്! തിരുവചനത്താൽ നിത്യവും ഞങ്ങളെ വഴി നടത്തുന്ന ദൈവമേ, അങ്ങയുടെ അനന്ത പരിപാലനയുടെ ആഴങ്ങളെ അനുഭവിച്ചറിഞ്ഞ ചാവറയച്ചനോടു ചേർന്ന് അങ്ങേ ദിവ്യസ്വരത്തിനായി ഞങ്ങൾ കാതോർക്കുന്നു.

വായന : മത്താ:6:25-34.

നിങ്ങൾക്കിതെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ സ്വർഗ്ഗീയ-പിതാവ് അറിയുന്നു. വി. ചാവറപിതാവ് ജീവിതത്തിലുടനീളം പ്രതിസന്ധികളിൽ തളരാതെ തന്നെ പൂർണ്ണമായി ദൈവപിതാവിന്റെ പരിപാലനയിൽ ഭരമേല്പിച്ച് ധീരതയോടെ മുന്നേറി. ഹാ! പ്രിയകുഞ്ഞുങ്ങളെ സർവ്വേശ്വരൻ തമ്പുരാൻ നമ്മുടെ കർത്താവ് എങ്ങനെ നമ്മുടെ കാര്യം വിചാരിച്ചു നടപ്പാക്കുന്നു എന്ന് ഓർമ്മിപ്പിൻ എന്ന ചാവറപിതാവിന്റെ വാക്കുകൾ ഈ സമയം നമ്മുക്കോർക്കാം. ദൈവപിതാവിന്റെ പരിപാലനയിൽ പ്രത്യാശയർപ്പിച്ചും ഈശോയുടെ രക്ഷാകര സ്നേഹം അനുഭവിച്ചും പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങൾ ശ്രവിച്ചും വി. ചാവറയച്ചന്റെ മാതൃക ഉൾക്കൊണ്ട് നമ്മുടെ ആത്മചൈതന്യം ആഴത്തിലും ധീരതയോടും കൂടി ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെ എന്ന പ്രാർത്ഥനയോടെ നമ്മുടെ ഉള്ളിൽ നിന്നുയരുന്ന എല്ലാ അർത്ഥനകളും വി. ചാവറപിതാവിന്റെ മാദ്ധ്യസ്ഥത്തിലൂടെ നല്ല ദൈവത്തിന് നമ്മുക്കു സമർപ്പിക്കാം.

കാഴ്ചവസ്തുസ..

അത്യുന്നതനായ കർത്താവേ, അങ്ങേയ്ക്കു കൃതജ്ഞതയർപ്പിക്കുന്നതും അങ്ങയുടെ നാമത്തിൽ സ്തുതികളാലപിക്കുന്നതും എത്ര ശ്രേഷ്ഠം എന്ന് ഉദ്ഘോഷിക്കുന്ന സങ്കീർത്തകന്റെ ഹൃദയവികാരങ്ങളോട് ഉൾച്ചേർന്ന് ഒരിക്കൽകൂടി ഞങ്ങളുടെ എല്ലാ പ്രാർത്ഥനാനിയോഗങ്ങളെയും അങ്ങേയ്ക്ക് സമർപ്പിക്കുന്നു. നല്ല ദൈവമേ, പിന്നിട്ട ഒരു വർഷം അങ്ങയുടെ അനന്ത പരിപാലനയാലും കാരുണ്യത്താലും അങ്ങ് ഞങ്ങളിലേക്ക് വർഷിച്ച എല്ലാ അനുഗ്രഹങ്ങളെയും ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. അതോടൊപ്പം ഈ പുതിയവർഷത്തെ പൂർണ്ണമായും അനുഗ്രഹത്തിനായി സമർപ്പിക്കുന്നു. പ്രത്യേകിച്ച് ഞങ്ങളെ ഓരോരുത്തരെയും സമർപ്പിക്കുന്നു.

അങ്ങയുടെ മഹത്വത്തിനുതകും വിധം ഞങ്ങളുടെ ജീവിതങ്ങളെ ക്രമപ്പെടുത്തുവാൻ ആത്മാവിന്റെ കൃപകളാൽ ഞങ്ങളെ നിറയ്ക്കണമെ. ഒരിക്കൽ കൂടി വി. ചാവറപിതാവിലൂടെ ദൈവം നമ്മിലേക്കു ചൊരിയുന്ന അനുഗ്രഹങ്ങൾക്കു നന്ദി പറഞ്ഞുകൊണ്ട് സ്തോത്രഗീതം പാടിക്കൊണ്ട് ദൈവത്തെ വാഴ്ത്താം.

സ്തോത്രഗീതം.

## വി. ചാവറ പിതാവിനോടുള്ള നൊവേന.

പരമകാരുണ്യവാനായ ദൈവമേ, ശൈശവം മുതൽ തിരു-കുടുംബത്തോടുള്ള ഭക്തി അഭ്യസിക്കുകയും പ്രായാനുസരണം അതു വർദ്ധിപ്പിക്കുകയും, തിരുകുടുംബത്തിൽ നിന്ന് നിരവധി വിശിഷ്ടദാനങ്ങളും പ്രത്യേകം ലഭിച്ചിട്ടുള്ളതുമായ സുഖങ്ങളും ലഭിച്ച് വിശുദ്ധമായ ജീവിതം കാഴ്ചവെച്ച വി. ചാവറ പിതാവിനെ കുറിച്ച് ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു. വിശുദ്ധമായ ജീവിതം വഴി തന്റെ സ്വർഗീയ അപ്പനോട് ചേർന്നുനിന്നുകൊണ്ട് ദാനമായി ലഭിച്ച കഴിവുകളും സിദ്ധികളും ലോകനന്മയ്ക്കായ് വിനിയോഗിച്ച കർമ്മയോഗി; പരിശുദ്ധിയുടെ ആൾരൂപമായി ഒരു മാലാഖയെപ്പോലെ ഈ ഭൂമിയിൽ ജീവിതം കഴിച്ചവൻ; വി. ചാവറപിതാവ്. വിശുദ്ധനെ പോലെ ഞങ്ങളും വിശുദ്ധിയിൽ ജീവിച്ചുകൊണ്ട് അനേകർക്ക് നന്മയുടെ വെളിച്ചമേകുവാൻ കൃപയരുളണമേ. അങ്ങയെ പോലെ തിരുകുടുംബ ഭക്തിയിൽ മികച്ചവരായി നിർമ്മല ജീവിതം കഴിക്കുന്നതിനും അവസാനം ഈശോ മറിയം യൗസേപ്പിന്റെ കരങ്ങളിൽ ഞങ്ങളുടെ ആത്മാക്കളെ സമർപ്പിച്ചുകൊണ്ട് ഭാഗ്യമരണം പ്രാപിക്കുന്നതിനും ഞങ്ങൾക്ക് ഇടവരുത്ത-ണമേ. ദൈവതിരുമുമ്പിൽ അനുനിമിഷം അനുതാപ-ത്താൽ ഉരുകിയ പുണ്യപിതാവേ എപ്പോഴും അനു-താപത്താൽ നിറഞ്ഞുകൊണ്ട് പരിശുദ്ധനായ ദൈവ-ത്തിലേക്ക് തിരികെ ചെല്ലാനും അങ്ങനെ മാമ്മോദീസാ-യിൽ ഞങ്ങൾക്കു ലഭിച്ച വെള്ള വസ്ത്രം വെടിപ്പായി

ശുശ്രൂഷിക്കുന്നതിനും. നല്ല ദൈവത്തിൽ നിന്നും അങ്ങേക്ക് അനുഗ്രഹങ്ങൾ വാങ്ങിച്ചു തരണമേ. അങ്ങയുടെ തിരുനാളിനായി ഒരുങ്ങുന്ന ഈ അവസരത്തിൽ ഞങ്ങളുടെ എല്ലാ പ്രാർത്ഥനാ നിയോഗങ്ങളും സമർപ്പിക്കുന്നു.

പുണ്യ പിതാവേ ദൈവതിരുമുമ്പിൽ എന്നും എപ്പോഴും ഞങ്ങൾക്കായ് മാധ്യസ്ഥം വഹിച്ചുകൊണ്ട് ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും വാങ്ങിച്ചു തരണമെ.

ആമ്മേൻ.

+

## വി. ചാവറപിതാവിനോടുള്ള നൊവേന

"എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റലാണ് എന്റെ ഭക്ഷണം" എന്നരുൾചെയ്ത ഈശോയുടെ മാതൃക പിഞ്ചെന്ന് ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിൽ തിരുസഭയോടും സ്നേഹത്തോടും വിശ്വസ്തത പുലർത്തി വിശുദ്ധിയിൽ ജീവിക്കുവാൻ പ്രചോദനവും മാതൃകദീപവുമായി വി. ചാവറപിതാവിനെ നൽകിയ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. തന്നിലുള്ള പ്രിയമനസ്സിനായ സ്വാർത്ഥതയെ, നിരന്തരം കുരിശിൻ ചുവട്ടിൽ ബലിചെയ്ത്, സ്വന്തമനസ്സിനെയും ആഗ്രഹങ്ങളെയും ദിവ്യകാരുണ്യനാഥന്റെ സവിധേ ചേർത്ത് സമർപ്പിച്ച് അങ്ങേ തിരുഹിതം മാത്രം തിരിച്ചറിഞ്ഞ് കർമ്മത്തിലൂടെ അവ നിറവേറ്റിയ വി. ചാവറപിതാവിനെ ഞങ്ങൾ സ്നേഹത്തോടെ ഓർക്കുന്നു.

ദൈവിക ദർശനങ്ങളെക്കാളും ദൈവിക അനുഭൂതികളെക്കാളും മഹത്വമേറിയതായി അദ്ദേഹം കരുതിയത്, ഈശോമിശിഹായുടെ കാണപ്പെടുന്ന മാതൃകകളായ അധികാരികളോടുള്ള അനുസരണമായിരുന്നല്ലോ.

മിശിഹായുടെ പ്രതിനിധികളായ അധികാരികളെ അനുസരിച്ചുകൊണ്ട് ദൈവഹിതം അതിന്റെ പൂർണ്ണതയിൽ നിറവേറ്റി അവസാനം വരെ കർത്താവിന്റെ വിശ്വസ്ത ദാസരായിരിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ദൈവേഷ്ടത്തെ എതിർക്കുന്ന എല്ലാ പ്രലോഭനങ്ങളെയും തിരിച്ചറിഞ്ഞ്, അവയുടെ മേൽ വിജയം വരിക്കുവാനുള്ള ശക്തിയും കൃപയും, ആത്മധൈര്യവും ആത്മാവിന്റെ നിറവും നൽകി ഞങ്ങളെ വഴിനടത്തണമേ. ഈശോ മറിയം യൗസേപ്പേ, നിങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായ വി. ചാവറപിതാവിന്റെ പുണ്യയോഗ്യതകളെ അനുസ്മരിച്ച് അയോഗ്യരും പാപികളുമായ ഈ മക്കളെയും വിശുദ്ധീകരിച്ച് സ്വർഗ്ഗഭാഗ്യത്തിന് യോഗ്യരാക്കണമേയെന്നും ഞങ്ങൾ [illegible] അപേക്ഷിക്കുന്ന ഈ അനുഗ്രഹം ---- വിശുദ്ധന്റെ മാദ്ധ്യസ്ഥത്താൽ നിറവേറ്റിത്തരണമേയെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമ്മേൻ.

## വി. ചാവറപിതാവിനോടുള്ള

## നൊവേന

കാലാകാലങ്ങളിൽ വിശുദ്ധരെ ~~[illegible]~~ നൽകി സഭയെയും ലോകത്തെ അനുഗ്രഹിക്കുകയും നയിക്കുകയും ചെയ്യുന്ന അനുഗ്രഹവാരി-ധിയായ നിന്റെ കാലഘട്ടത്തിന്റെ ~~[illegible]~~ ധീരവ്യക്തിത്വമായി വിശുദ്ധിയുടെ നിറദീപമായി ജീവിതം കഴിച്ച വി. ചാവറപിതാ-വിനെക്കുറിച്ച് ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു. ദീർഘവീക്ഷണത്തോടെ കർമ്മകുശലതയോടെ തനിക്കു ലഭിച്ച പരിശുദ്ധാത്മ പ്രേരണകളോട് ക്രിയാത്മകമായി പ്രതി-കരിച്ചവൻ; ഈശോമിശിഹായുടെ മണവാട്ടിയായ തിരുസഭയുടെ മഹത്വത്തിനായുള്ള ശുഷ്കാന്തിയാലെരിഞ്ഞവൻ; വി. ചാവറ-പിതാവ് മലങ്കരസഭയെ ഗ്രസിക്കുവാനൊരുമ്പെട്ട ശീശ്മയോട് സുധീരം പോരാടുകയും ഐക്യരൂപ്യമില്ലാതെയിരുന്ന പള്ളി ശുശ്രൂഷാവിധികളെല്ലാം ശ്ലാഘനീയമാം വണ്ണം ക്രോഡീകരിച്ച് ഏകരീതിയിലാക്കി നടപ്പിൽ വരുത്തുകയും മലങ്കരസഭയുടെ ശക്തികേന്ദ്രമായി ഒരു തദ്ദേശീയ സന്യാസസഭയെ ഇവിടെ നട്ടുവളർത്തി പാലിക്കുകയും ചെയ്തുകൊണ്ട് കേരളകത്തോലി-ക്കാസഭക്ക് നവജീവൻ പ്രദാനം ചെയ്യുവാൻ തിരഞ്ഞെടുക്ക-പ്പെട്ട പാത്രമായി വി. ചാവറപിതാവിനെ അങ്ങ് നിയോഗി-ച്ചുവല്ലോ. പുണ്യപിതാവിനെപ്പോലെ തിരുസഭയെ പ്രതിയുള്ള തീക്ഷ്ണത ഞങ്ങളിലും ജ്വലിപ്പിക്കണമേ. പ. ആത്മാവിന്റെ മേലൊപ്പുള്ള മനുഷ്യൻ എന്ന് അറിയപ്പെട്ടിരുന്ന വി. ചാവറ പിതാവിനെ പോലെ, ഞങ്ങളും പ. ആത്മവരദാന ഫലങ്ങളാൽ നിറഞ്ഞ് പ്രവർത്തിക്കുവാൻ കൃപ ചെയ്യണമേ അങ്ങനെ അനുദിനം സഭയെ പണിതുയർത്താൻ,

വിശുദ്ധിയുടെ വക്താക്കളാകുവാൻ ഞങ്ങൾക്ക് ഇടവരുത്തേണമേ.

ആമേൻ.

# വി. ചാവറപിതാവിനോടുള്ള നൊവേന.

സ്വർഗ്ഗപിതാവേ വലുതായ സ്വാതന്ത്ര്യത്തിലേക്കും ഉന്നതമായ മഹത്ത്വത്തിലേക്കും ക്ഷണിക്കപ്പെട്ടിരിക്കുന്ന ഞങ്ങൾ ഒന്നൊരുമിച്ചും അങ്ങേ തിരുമുമ്പിൽ വന്നു നിൽക്കുന്നു. മഹിയായ കേരളസഭയ്ക്ക് വിശുദ്ധനെ പ്രദാനം ചെയ്യുവാനും വിശ്വാസത്തിൽ വളർത്താനും, അങ്ങയുടെ വിശുദ്ധിയിൽ പങ്കുചേരാനും അങ്ങ് ഞങ്ങളിൽ സമാരംഭിച്ചിരിക്കുന്ന എല്ലാ പദ്ധതികളെയുമോർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. വിശുദ്ധിയുടെ ഉന്നതിയിൽ കർമ്മലയ്ക്ക് അലങ്കാരമായി, ചൈതന്യം തൂകുന്ന വിശുദ്ധനെത്തന്നെ അങ്ങയുടെ ശക്തി പ്രാഭവം ഞങ്ങൾ ദർശിക്കട്ടെ.

സർവ്വനന്മ സ്വരൂപിയായിരിക്കുന്ന ദൈവമേ, നിരന്തരമായ പ്രാർത്ഥനാരൂപിയിൽ, ദൈവസ്നേഹാഗ്നിയാൽ സദാ ജ്വലിച്ചിരുന്ന ചാവറപിതാവിന്റെ അതേ ഭക്തി തീക്ഷ്ണതയാൽ ഞങ്ങളും നിറയുവാൻ കൃപ ചെയ്യണമേ. പ്രണിധാനത്തിലൂടെ എന്നോടു ചേർന്നിരിക്കുക, കർമ്മത്തിലൂടെ അനിക്കർ പിതൃശുമായുക എന്ന മുദ്രാവാക്യത്തിലൂടെ ഭക്തിയും കർമ്മവും സമഞ്ജസമായി സമന്വയിക്കുന്ന അങ്ങയുടെ സദാ ചൈതന്യത്തിൽ, ഞങ്ങൾ നിലനിൽക്കട്ടെ. സ്നേഹത്തിന്റെ ആധിക്യത്താൽ തിരുസക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന അങ്ങേ മണിക്കൂറുകൾ ധ്യാനിച്ചുകൊണ്ടിരിക്കുക, ജീവിതത്തിൽ ഏറ്റവും ധന്യമായ നിമിഷമായി വിശുദ്ധൻ കണക്കാക്കി. ചാവറപിതാവേ, തിരുസക്രാരിയിൽ നിന്ന് സ്വാംശീകരിച്ച ചൈതന്യത്തിന്റെ ബഹിസ്ഫുരണമായിരുന്നു സേവനരംഗത്ത് അങ്ങ് നിർവ്വഹിച്ചത്. ഈ ഹൃദയ പരിശുദ്ധി ഞങ്ങളുടെ ഹൃദിലും

നിറവോളം പകർത്താൻ ഇടയാകുമാറാകട്ടെ. മാമോദീസാ-യിൽ കിട്ടിയ പരിശുദ്ധിയെ മരണം വരെ അഭംഗുരം കാത്ത് സൂക്ഷിച്ച വന്ദ്യപിതാവിന്റെ കാല്പാടുകൾ ഞങ്ങളുടെ ജീവിതത്തിന്റെ പാതാനക്ഷത്രമായിരിക്കട്ടെ. ഹൃദയശുദ്ധിയുള്ളവരാണ് ദൈവത്തെ കാണുക എന്ന തിരുവചനത്തോടു കൂടി പ്രാർത്ഥിക്കുന്ന ഞങ്ങൾക്ക് നിഷ്കളങ്കരായ മനസ്സും വരപ്രസാദത്തോടുകൂടിയ ജീവിതവും നൽകുക. ആത്മ-ശരീരശുദ്ധതയുടെ മൂല്യം മനസ്സിലാക്കി ജീവിക്കാൻ എല്ലാ-മക്കളേയും പ്രത്യേകിച്ച് കൗമാരക്കാരേയും അനുഗ്രഹി-ക്കണമേ.

റോജമോൻ.

# വി. ചാവറ പിതാവിനോടുള്ള

## നൊവേന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു, നന്ദിപറയുന്നു. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസൃതം ജീവിതത്തെ പലവിധം ക്രമപ്പെടുത്തി ദൈവോന്മുഖരായി ജീവിച്ച അനേകം വിശുദ്ധാത്മാക്കളെ മാതൃകയും പ്രചോദനവുമായി ക്രൈസ്തവരായ ഞങ്ങൾക്കേവർക്കും നൽകുന്ന സ്വർഗ്ഗീയ പിതാവേ ഞങ്ങളങ്ങയെ സ്തുതിക്കുന്നു. ദൈവപിതാവിന്റെ പരിപാലനയിൽ പ്രത്യാശയർപ്പിച്ചും ഈശോയുടെ രക്ഷാകര സ്നേഹം അനുഭവിച്ചും പരിശുദ്ധാത്മാവിന്റെ നിയോഗങ്ങൾ ശ്രവിച്ചും, പരിശുദ്ധ അമ്മയെപ്പോലെ തിരുഹിതം നിറവേറ്റിയും തിരുസഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്ത വി. ചാവറ പിതാവിനെപ്പോലെ സദാ ദൈവതിരുമുമ്പിൽ ദൈവേഷ്ടം നിറവേറ്റി വിശുദ്ധിയിൽ ജീവിക്കുവാൻ ഞങ്ങളെയും പഠിപ്പിക്കണമെ. പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങളാൽ അലംകൃതനായിരുന്ന പുണ്യപിതാവേ, ആത്മാവിന്റെ നിയോഗങ്ങൾക്കൊത്ത് ആത്മരക്ഷയ്ക്കായി യത്നിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. ദിവ്യകാരുണ്യ നാഥനെ സ്വന്തം അപ്പനായി അനുഭവിച്ച അങ്ങേ അനുഭവം ഞങ്ങളും സ്വന്തമാക്കുവാൻ അതിയായി അപേക്ഷിക്കുന്നു. ജപധ്യാനത്തിന്റെയും പരിത്യാഗത്തിന്റെയും പാതയിലൂടെ ധ്യാനകർമ്മ യോഗത്തിൽ പൂർണ്ണത പ്രാപിക്കുവാനും സദാ കത്തിജ്വലിക്കുന്ന ദൈവസന്നിധിയിലെ കെടാവിളക്കുപോലെ [illegible]

ദൈവരാജ്യത്തിനുവേണ്ടി ജ്വലിച്ചുനിൽക്കാനും പ്രകാശം പരത്തു-
വാനും ഞങ്ങളെ ശക്തിപ്പെടുത്തി അനുഗ്രഹിക്കണമേ.
പ്രത്യേകമായി ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്ന ഈ
അനുഗ്രഹം ....... വി. ചാവറപിതാവിന്റെ മാദ്ധ്യസ്ഥത്താൽ
ദൈവഹിതാനുസൃതം നിറവേറ്റി തരണമെയെന്ന് ഞങ്ങൾ
പ്രാർത്ഥിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാ-
ത്മാവുമായ സർവ്വേശ്വരാ എന്നേക്കും...

ആമ്മേൻ.

# വി. ചാവറ പിതാവിനോടുള്ള

## നൊവേന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു.

ദിവ്യകാരുണ്യത്തിന്റെ ഉപാസകനായി തിരുഹിതം വിവേചിച്ച് അറിഞ്ഞ്, കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾക്ക് ആവശ്യമായവ ചെയ്തുകൊടുത്തു കൊണ്ട്, പുണ്യത്തിന്റെ പരിമളം പരത്തിയ വി. ചാവറപിതാവിനെ ഞങ്ങൾക്ക് മാതൃകയായി നൽകിയതിനെ ഓർത്ത് നന്ദിപറയുന്നു. കർത്താവേ, തന്റെ ഓരോ നിമിഷവും പാനപാത്രവും തന്നെ സങ്കീർത്തകവചനത്തെ ഹൃദയത്തോട് ചേർത്ത് വെച്ച് ജീവിച്ച്, മാമ്മോദീസായിൽ ലഭിച്ച ദൈവ വരപ്രസാദം മരണം വരെ കാത്തുസൂക്ഷിച്ചു എന്ന് പറയാൻ മാത്രം ജീവിത വിശുദ്ധി പാലിച്ച, പുണ്യപിതാവി-നെ പോലെ, ലോക സുഖങ്ങൾക്ക് അടിമപ്പെടാതെ, ഹൃദയാ-ന്തരാളത്തിൽ നിത്യവും വസിക്കുന്ന ദിവ്യനാഥനോട് സദാ-സമയവും സല്ലപിക്കുവാനും, ദൈവഹിതത്തിന് കീഴ്വഴങ്ങുവാനും ദൈവവചനത്തിൽ അധിഷ്ഠിതമായ ജീവിതം നയിച്ച്, ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കുവാനും, പുണ്യവതികളാകാൻ കടന്നു-വന്നവരാണ് തന്റെ ഓരോ സഹോദരങ്ങളെന്നുമുള്ള ബോധ്യത്തിൽ ജീവിക്കാൻ, ആത്മശരീര വിശുദ്ധിയോടെ ദൈവപിതാവിന്റെ പക്കലേക്ക്, കടന്നു ചെല്ലുവാൻ ഞങ്ങളെ ഓരോരുത്തരെയും ആത്മാവിന്റെ ദിവ്യമായ അഭിഷേകത്താൽ നിറയപ്പെടുവാൻ ഞങ്ങൾക്കായി തമ്പുരാന്റെ പക്കൽ നിത്യവും മാദ്ധ്യസ്ഥം വഹിക്കണമേ. ആമേൻ